# സീറോവേസ്റ്റ് കോവളം

## പരിസ്ഥിതി പഠന സഹായി

ഭൂമിയിലെ വിഭവങ്ങളെ സംരക്ഷിച്ചു കൊണ്ടും മറ്റു ജീവജാലങ്ങളുമായി പങ്കിട്ടുകൊണ്ടും ജീവിയ്ക്കുന്നതിൽ മനുഷ്യനുണ്ടായ പരാജയമാണ് ഭൂമിയിൽ അനുദിനം കുന്നുകൂടുന്ന മാലിന്യങ്ങൾ. മാലിന്യനിർമാർജ്ജനത്തിനുവേണ്ടി സമയമുൾപ്പെടെയുള്ള വിഭവങ്ങളേയും മനുഷ്യനെ ഉൾക്കൊള്ളുന്ന പരിസ്ഥിതിയുടെ ആരോഗ്യത്തേയും നശിപ്പിയ്ക്കുകയല്ല; മറിച്ച് വിഭവവിനിയോഗത്തിൽ കാര്യക്ഷമതയും ഉപഭോഗത്തിൽ മിതത്വവും പങ്കിട്ടു ജീവിയ്ക്കാനുള്ള സംസ്ക്കാരവും നേടുകയാണ് വേണ്ടത്. മാലിന്യരഹിത സമൂഹമായി പുരോഗമിയ്ക്കാനുള്ള വഴിയും ഇതുതന്നെയാണ്.

# സീറോവേസ്റ്റ്

ZERO WASTE
KOVALAM

നാം അധിവസിക്കുന്ന ഭൂമിയിലെ ജീവനുള്ളവയും ജീവനില്ലാത്തവയും തമ്മിലുള്ള ബന്ധം സങ്കീർണ്ണമാണ്. ഈ ബന്ധമാകട്ടെ കേവലം ജൈവികം മാത്രമല്ല, സ്ഥലം, സമയം, ഊർജ്ജം തുടങ്ങി ഒട്ടേറെ തലങ്ങളുള്ള ബന്ധം കൂടിയാണത്. ഊർജ്ജം ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് അനുനിമിഷം കൈമറിഞ്ഞ് പ്രവഹിച്ചുകൊണ്ടേയിരിക്കുന്നഅത്യന്തം ചലനാത്മകമായ ഈ ലോകത്തിൽ ഊർജ്ജമുൾപ്പെടെയുള്ള വിഭവങ്ങളുടെ ചലനം ചാക്രികമാണ്.

ഈ ചാക്രിക ചലനമാണ് ഭൂമിയിൽ സമതുലിതാവസ്ഥ നിലനിറുത്തുന്നതും ജീവനെ താങ്ങിനിറുത്തുന്നതും ഈ ഭൂമിയെ അനന്തതയിലേക്ക് നയിക്കുന്നതും. ഋതുഭേദങ്ങളും ജനന-മരണങ്ങളു മൊക്കെ ഈ ചാക്രിക ചലനത്തിന്റെ ദൃശ്യഭാവങ്ങളിൽ ചിലതു മാത്രമാണ്.

ഭൂമിയിൽ ജീവൻ സാധ്യമാക്കുന്ന ഈ ചാക്രിക പ്രവാഹങ്ങളിൽ കോടാനുകോടി വരുന്ന ജീവജാലങ്ങൾ കണ്ണിചേരുന്നതോടൊപ്പം വിഭവങ്ങൾ പങ്കിട്ടെടുക്കുകയും ചാക്രിക ചലനങ്ങളെ പൂർണ്ണമാക്കുകയും ചെയ്യുന്നു.

ഇതിനൊരപവാദം നമ്മൾ മനുഷ്യർ മാത്രമാണ്. ഒരു നേർരേഖാ മാതൃകയിലുള്ള ഉല്പാദന-ഉപഭോഗ പ്രക്രിയകളാണ് മനുഷ്യർ പിന്തുടർന്നുവരുന്നത്. ഈ പ്രവർത്തനങ്ങൾ പ്രകൃതിയുടെ ചാക്രിക പ്രവാഹങ്ങളെ നിഷേധിക്കുകയും മലിനപ്പെടുത്തുകയും എല്ലാറ്റിന്റെയും നിലനില്പിനെ അപകടപ്പെടുത്തുകയും ചെയ്യുന്നു.

ഒരറ്റത്ത് വിഭവങ്ങൾ അനുനിമിഷം ശോഷിച്ചൊടുങ്ങുകയും മറുവശത്ത് പാഴ് വസ്തുക്കൾ വിഷമാലിന്യക്കൂമ്പാരങ്ങളായിരൂപപ്പെടുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ പ്രയോജനപ്രദവും അമൂല്യവുമായ വിഭവങ്ങളാണ് തെറ്റായ വിനിയോഗ രീതികൾ മൂലം തെറ്റായ സമയത്ത് തെറ്റായ സ്ഥലത്ത് എത്തിച്ചേരുകയും പാഴ് വസ്തുക്കൾ എന്ന പേരിൽ ചവറ്റുകൂനയിലൊടുങ്ങുകയും ചെയ്യുന്നത്. ഒരു സാധാരണ സംഭവമായി ഇതിനെ കണക്കാക്കുക സാധ്യമല്ലതന്നെ.

ഒരുൽപ്പന്നവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പാഴ് വസ്തുക്കളുടെ ഭൂരിഭാഗവും ഉണ്ടാകുന്നത് അവയുടെ ഉൽപാദന സമയത്തു തന്നെയാണ്. അതായത് ഉല്പന്നങ്ങൾ നമ്മുടെ മുന്നിലെത്തും മുമ്പേ അതിന്റെ ഭാരത്തിന്റെ എത്രയോ ഇരട്ടി പാഴ് വസ്തുക്കൾ ഉണ്ടായിക്കഴിഞ്ഞിരിക്കും. ഇത് ഗുരുതരമായ വീഴ്ചയാണ്. മറ്റുള്ളവരുമായി പങ്കിടേണ്ട-മറ്റുള്ളവർക്കു കൂടി അവകാശപ്പെട്ട വിഭവങ്ങളാണ് നാം പാഴാക്കിക്കളയുന്നത്. പാഴ് വസ്തുക്കൂമ്പാരങ്ങൾ കാര്യക്ഷമതയില്ലായ്മയുടെ അടയാളമാണ്.

പാഴ് വസ്തുക്കളെന്നു മുദ്രയടിക്കപ്പെട്ടവയാകട്ടെ ചവറ്റുപെട്ടികളിലേക്ക് വലിച്ചെറിയപ്പെടുന്നു. ചെറിയ ചവറ്റുപെട്ടിയിൽ നിന്നും കുറച്ചുകൂടി വലുതിലേക്കും പിന്നെയും വലുതിലേക്കും..... അങ്ങനെ സഞ്ചരിച്ച് സഞ്ചരിച്ച് അവ ഏതെങ്കിലും ജനവാസമേഖലയിലെ പ്രശ്നക്കൂമ്പാരമായി വളരുന്നു.

ഈ സഞ്ചാരത്തിനിടയിൽ മറ്റൊന്നുകൂടി സംഭവിക്കുന്നുണ്ട്. വിഷമലിനീകരണം. പലതരം പാഴ് വസ്തുക്കൾ കൂടിക്കലരുന്നതിനിടയിൽ വിഷാംശമുള്ള വസ്തുക്കൾ മറ്റുള്ളവയെക്കൂടി വിഷലിപ്തമാക്കുന്നു. നമ്മൾ കാണുന്ന ചവർക്കൂമ്പാരങ്ങളൊക്കെയും അപകടം പിടിച്ച വിഷമാലിന്യക്കൂമ്പാരങ്ങളാണെന്നുകൂടി അറിയുക

ഈ ചവർക്കൂമ്പാരങ്ങൾക്കെന്തു സംഭവിക്കുന്നുവെന്നു നോക്കൂ !

1. അവ അങ്ങനെ തന്നെ അവിടെ കിടന്ന്, വെള്ളത്തിലൂടയും വായുവിലൂടെയും മണ്ണിലൂടെയും രോഗാണുക്കളെയും വിഷ പദാർത്ഥങ്ങളെയും ചുറ്റുപാടുകളിലേക്ക് വിതരണം ചെയ്ത്, മനുഷ്യരുടെയും മറ്റു ജീവജാലങ്ങളുടെയും ആരോഗ്യത്തിനും നിലനില്പിനും ഭീഷണിയാകുന്നു.

2. സർക്കാർ സ്ഥാപനങ്ങളോ വ്യക്തികളോ ഇവയെ മണ്ണിൽ മറവുചെയ്തേക്കാം. മുമ്പു സൂചിപ്പിച്ച അപകടങ്ങൾ ഒന്നുകൂടി എളുപ്പത്തിലും ശക്തമായും ആവർത്തിക്കും.

3. ഈ കൂമ്പാരത്തെ കത്തിച്ചുകളയാനുള്ള ശ്രമങ്ങളുമുണ്ടാകും. ഒരു ഇൻസിനറേറ്റർ ഉപയോഗിച്ചോ മറ്റെന്തെങ്കിലും ജ്വലന സാങ്കേതിക വിദ്യകളുപയോഗിച്ചോ അല്ലാതെയോ ഇവയെ കത്തിച്ചുകളഞ്ഞാൽ അതിമാരകമാകും ഫലം.

അതിമാരക വിഷങ്ങളായ ഡയോക്സിനുകളും ഫുറാനുകളും മറ്റു വിഷ പദാർത്ഥങ്ങളും ഭൂമിയിലുടനീളം പരക്കുകയും അവശേഷിക്കുന്ന ചാരം മാരക രാസവസ്തുക്കളാൽ സാന്ദ്രീകൃതമാവുകയും അത് ഭാവിയിലെ ഭീഷണിയാവുകയും ചെയ്യും.

4. വ്യത്യസ്ഥങ്ങളായ വസ്തുക്കൾ ഇടകലർന്നിട്ടുള്ള ഈ വിഷക്കൂമ്പാരത്തിൽ നിന്നും ഉല്പന്നങ്ങൾ നിർമ്മിക്കാൻ ശ്രമിച്ചാലും ഫലം മുമ്പ് പറഞ്ഞതു തന്നെയായിരിക്കും. ഉറവിടത്തിൽ വെച്ച് വേർതിരിക്കപ്പെടാത്ത മാലിന്യങ്ങളിൽ നിന്ന് കംപോസ്റ്റ് അഥവാ ജൈവ വളമുണ്ടാക്കാൻ ശ്രമിച്ചാൽ ലഭിക്കുക ഘനലോഹങ്ങളാലും മറ്റു രാസ വിഷങ്ങളാലും മലിനീകരിക്കപ്പെട്ട, ഉപയോഗ ശൂന്യമായ വളമായിരിക്കും.

തെറ്റായ വിഭവവിനിയോഗ മാതൃകകൾ സമ്മാനിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ നാം തേടുന്ന വഴികൾ അതിലും അപകടം പിടിച്ചതും വമ്പിച്ച സാമ്പത്തിക ബാധ്യതകൾ വരുത്തിവെക്കുന്നതും പൊതുജനാരോഗ്യത്തെ നശിപ്പിക്കുന്നതുമാണ്. ഇരുട്ടുകൊണ്ട് ഓട്ടയടക്കാൻ കഴിയില്ലല്ലോ !



ഇവിടെ തിരിച്ചറിയേണ്ട കാര്യം മാലിന്യനിർമ്മാർജ്ജന സാങ്കേതിക വിദ്യകളല്ല മറിച്ച് കാര്യക്ഷമമായ വിഭവ വിനിയോഗ മാതൃകകളാണ് നമുക്ക് വേണ്ടത്.

സീറോ വേസ്റ്റ് മുന്നോട്ടുവെക്കുന്ന ആശയവും അതു തന്നെയാണ്. ഭൂമിയിലെ വിഭവങ്ങളെ സംരക്ഷിച്ചുകൊണ്ടും മറ്റു ജീവജാലങ്ങളുമായി പങ്കിട്ടുകൊണ്ടും ജീവിയ്ക്കുന്നതിൽ മനുഷ്യനുണ്ടായ പരാജയമാണ് ഭൂമിയിൽ അനുദിനം കുന്നുകൂടുന്ന മാലിന്യങ്ങൾ. മാലിന്യനിർമാർജ്ജനത്തിനുവേണ്ടി സമയമുൾപ്പെടെയുള്ള വിഭവങ്ങളേയും മനുഷ്യനെ ഉൾക്കൊള്ളുന്ന പരിസ്ഥിതിയുടെ ആരോഗ്യത്തേയും നശിപ്പിയ്ക്കുകയല്ല ; മറിച്ച് വിഭവവിനിയോഗത്തിൽ കാര്യക്ഷമതയും ഉപഭോഗത്തിൽ മിതത്വവും പങ്കിട്ടു ജീവിയ്ക്കാനുള്ള സംസ്ക്കാരവും നേടുകയാണ് വേണ്ടത്. മാലിന്യരഹിത സമൂഹമായി പുരോഗമിയ്ക്കാനുള്ള വഴിയും ഇതുതന്നെയാണ്.

ഉൽപാദന പ്രക്രിയകളിലേർപ്പെടുന്ന വിഭവങ്ങളുടെ ചാക്രിക പ്രവാഹം സാധ്യമാക്കുന്നതിനു വേണ്ടിയുള്ള സാഹചര്യങ്ങളൊരുക്കുന്ന എല്ലാത്തരം പ്രവൃത്തികളുടെയും ആകെത്തുകയാണ് സീറോവേസ്റ്റ്. ഉൽപാദന-ഉപഭോഗ ഘട്ടങ്ങളിലെ വിഭവ വിനിയോഗത്തിൽ പരമാവധി കാര്യക്ഷമത പുലർത്തുകയും വരാനിരിക്കുന്ന തലമുറയുടെയും മറ്റു സഹജീവികളുടെയും അവകാശങ്ങളെയും മാനിക്കുകയും ചെയ്തുകൊണ്ടുള്ള ഉത്തരവാദപൂർണ്ണമായ ഒരു ജീവിത ശൈലിയാണ് സീറോവേസ്റ്റ് ലക്ഷ്യമിടുന്നത്.

**ഞാൻ പാഴ്‌വസ്തുക്കളെ എന്താണ് ചെയ്യുന്നത്?**

**പാഠം 1 പാഴാക്കൽ തടയൽ**

പരിമിതമായ വിഭവങ്ങളുടെ ലോകത്തിലാണ് ഞാൻ ജീവിക്കുന്നത്. അതുകൊണ്ട് വിഭവങ്ങൾ പാഴാക്കാൻ എനിക്ക് അവകാശമില്ല.

**പാഠം 2 പുനരുപയോഗം**

ഉപയോഗയോഗ്യമായ എന്തെങ്കിലും ഞാൻ വലിച്ചെറിയുന്നുണ്ടോ ?

**പാഠം 3. തകരാറുകൾ പരിഹരിക്കൽ**

ഞാൻ വലിച്ചെറിഞ്ഞുകളഞ്ഞവയുടെ തകരാറുകൾ പരിഹരിക്കാമായിരുന്നോ. അത് എനിക്ക് അറിയുമോ ?

**പാഠം 4. അളവു കുറയ്ക്കൽ**

എനിക്കാവശ്യമുള്ളതിലും കൂടുതൽ ഞാൻ ഉപയോഗിക്കുന്നുണ്ടോ ?

**പാഠം 5. പുനഃചംക്രമണം**

ഞാൻ വലിച്ചെറിഞ്ഞുകളഞ്ഞവയെ മറ്റെന്തെങ്കിലും ഉപയോഗപ്രദമായ ഉൽപന്നമാക്കാമായിരുന്നോ ?

**പാഠം 6. നിരോധിക്കൽ അല്ലെങ്കിൽ ഘട്ടം ഘട്ടമായി ഉന്മൂലനം ചെയ്യൽ**

എനിക്ക് പുനഃചംക്രമണം ചെയ്യാനാവാത്തതോ അഥവാ പുനഃചംക്രമണത്തിനു വിധേയമാക്കിയാൽ ആരോഗ്യതകരാറുകളുണ്ടാക്കുന്ന വസ്തുക്കളുണ്ടോ ?

**പാഠം 7. കമ്പോസ്റ്റിംഗ് അഥവാ ജൈവ വള നിർമ്മാണം.**

ശേഷിക്കുന്നവ ജൈവപദാർത്ഥങ്ങൾ മാത്രമാണ്. അവ വിഭവങ്ങളാണ്.

## എന്താണ് സീറോവേസ്റ്റിന്റെ അടിസ്ഥാന പ്രമാണങ്ങൾ ?

1. **കാര്യക്ഷമത Efficiency**

വിഭവ വിനിയോഗത്തിൽ കാര്യക്ഷമത പുലർത്തുകയും കാര്യക്ഷമമായ ഉൽപാദന രീതികൾ അസംസ്കൃത വസ്തുക്കൾ ഉൽപന്നങ്ങൾ എന്നിവ കണ്ടെത്തുകയും വേണം.

2. **ധാർമ്മിക മൂല്യം Ethics**

ഭൂമിയിലെ വിഭവങ്ങളെല്ലാം ഇന്നുള്ളവരുടേതു മാത്രമല്ല വരാനിരിക്കുന്നവരുടേതാണെന്നും അവകാശങ്ങൾക്കൊപ്പം ഓരോരുത്തർക്കും ഉത്തരവാദിത്തങ്ങളുമുണ്ടെന്നുള്ള തിരിച്ചറിയേണ്ടതുണ്ട്. വിഭവ വിനിയോഗത്തിൽ നീതി ബോധം ഈ പ്രമാണം ആവശ്യപ്പെടുന്നു.

3. **ലാഭം. Economics**

സ്വകാര്യ ലാഭം ക്ഷണികമാണെന്നും പൊതു ലാഭം മാത്രമാണ് സ്ഥായിയായിട്ടുള്ളതെന്നും ഈ പ്രമാണം ഓർമ്മിപ്പിക്കുന്നു. ലാഭം എന്നാൽ സാമ്പത്തിക ലാഭം മാത്രമല്ലെന്നും ആത്യന്തികമായി ഓരോരുത്തർക്കു ലഭിക്കുന്ന സന്തോഷവും ക്ഷേമവും അവരവർ ജീവിക്കുന്ന ചുറ്റുപാടുകളുടെ ആരോഗ്യത്തെ അനുസരിച്ചിരിക്കുന്നതിനാൽ ചുറ്റുപാടിനുണ്ടാകുന്ന ആരോഗ്യകരമായ മാറ്റങ്ങളും ലാഭത്തിൽ പെടുന്നു.

## സീറോവേസ്റ്റ് ആശയത്തിലെ പ്രധാന ഘടകങ്ങൾ

1. **തോതുകുറക്കൽ** (Reduce)
വസ്തുക്കൾ പാഴാകുന്ന തോതുകുറക്കലും ഉപഭോഗത്തിലെ മിതത്വവും
2. **പുനരുപയോഗം** (Reuse)
ആവർത്തിച്ച് ഉപയോഗിക്കാവുന്ന ഉൽപന്നങ്ങളെ പ്രോത്സാഹിപ്പിക്കുകയും വലിച്ചെറിയൽ സംസ്കാരം സമ്മാനിച്ച ഡിസ്പോസിബിൾ ഉൽപ്പന്നങ്ങളെ നിഷേധിക്കലും
3. **തകരാർ പരിഹരിക്കൽ** (Repair)
കേടുവന്നവ വലിച്ചെറിയാതെ തകരാറുകൾ പരിഹരിച്ച് പ്രവർത്തന സജ്ജമാക്കുന്നതുവഴി വിഭവ സംരക്ഷണം സാധ്യമാക്കുക
4. **പുനഃചംക്രമണം.** (Recycle)
ഉൽപാദന-ഉപഭോഗ ഘട്ടങ്ങളിൽ മിച്ചം വരുന്ന വസ്തുക്കളിലടങ്ങിയിട്ടുള്ള ഊർജ്ജവും മറ്റു വിഭവങ്ങളും വീണ്ടെടുക്കുക (ഉദാ- കംപോസ്റ്റിംഗ്)



5. **പദാർത്ഥ പ്രതിസ്ഥാപനം (Material Substitution)**

ഇന്നു നിലവിലുള്ള കാര്യക്ഷമമോ സുരക്ഷിതമോ അല്ലാത്ത പദാർത്ഥങ്ങളെ ഉൽപാദന പ്രക്രിയയിൽനിന്നൊഴിവാക്കി സ്വാഭാവിക ചുറ്റുപാടുകളിലുള്ളതും പ്രാദേശിക തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനുതകുന്നതുമായ പദാർത്ഥങ്ങൾ പകരം വെക്കലാണ് ഇതു ലക്ഷ്യമിടുന്നത്. (ഉദാ- പ്ലാസ്റ്റിക്ക് കൊണ്ടുള്ള ഉൽപന്നങ്ങൾക്കു പകരം, കയർ, തുണി, കടലാസ്, ഗ്ലാസ്സ്, തടി, ചിരട്ട തുടങ്ങിയ പരിസ്ഥിതിക്കിണങ്ങുന്ന പദാർത്ഥങ്ങൾ കണ്ടെത്തി ഉൽപന്നങ്ങൾ വികസിപ്പിച്ചെടുക്കലാണ് ഇതു കൊണ്ടർത്ഥമാക്കുന്നത്.

## സീറോവേസ്റ്റിനു വേണ്ട അനുകൂല സാഹചര്യങ്ങൾ

1. **ബോധവൽക്കരണം.**

പരിസ്ഥിതിയെയും ആരോഗ്യത്തെയും കുറിച്ചുള്ള ശരിയായ ധാരണയും കാഴ്ചപ്പാടും പൊതുജനങ്ങൾക്ക് ഉണ്ടായിരിക്കണം. ഉറവിടത്തിൽ വെച്ചുതന്നെ പാഴ് വസ്തുക്കളെ വേർതിരിച്ച് പുനരുപയോഗ പുനഃചംക്രമണ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കേണ്ടുന്നതിന്റെ പ്രാധാന്യവും അറിഞ്ഞിരിക്കണം.

2. **ഗവൺമെന്റ് നയങ്ങൾ, നിയമങ്ങൾ**

കാര്യക്ഷമമായ വിഭവ വിനിയോഗത്തിനു പ്രേരിപ്പിക്കുന്ന നയങ്ങളും നിയമങ്ങളും ഉണ്ടാകണം. ഉദാഹരണത്തിന് പ്രാദേശിക തൊഴിൽ വ്യവസ്ഥയെ സമ്പുഷ്ടമാക്കുന്ന, പരിസ്ഥിതിക്കിണങ്ങിയ ഉൽപന്നങ്ങളെ പ്രോത്സാഹിപ്പിക്കുകയും പരിസരമലിനീകരണവും വിഭവങ്ങളുടെ പാഴ്ചെലവും തടയുന്നതിനുള്ള ശക്തമായ നിയമങ്ങളുണ്ടാകണം.

3. **സംശുദ്ധമായ ഉൽപാദന പ്രക്രിയ (Clean Production)**

ഉൽപാദന പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലും മലിനീകരണം പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള പുതിയ ഉൽപാദന രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. ഉദാഹരണത്തിന് രാസവളങ്ങളോ രാസ കീടനാശിനികളോ ഉപയോഗിക്കാതെയുള്ള കൃഷി രീതികൾ

4. **ഉല്പാദകന്റെ ഉത്തരവാദിത്തം (Extended Producer Responsibility)**

ഉൽപന്നം ഉപഭോക്താവിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടശേഷവും അതിന്റെ സുരക്ഷിതമായ കൈകാര്യം ചെയ്യൽ സാധ്യമാക്കുന്നതിന്റെ ചുമതല ഉൽപാദകൻ വഹിക്കണം. ഉദാഹരണത്തിന് അപകടകരങ്ങളായ രാസ വസ്തുക്കളടങ്ങിയ ഉൽപന്നങ്ങളോ ബാറ്ററി പോലുള്ള ഉൽപന്നങ്ങളോ ഉപഭോഗശേഷം തിരികെ വാങ്ങി അവയെ സുരക്ഷിതമാർഗ്ഗങ്ങളുപയോഗിച്ച് പുനഃചംക്രമണം നടത്തേണ്ട ബാധ്യത ഉൽപാദകനിൽ നിക്ഷിപ്തമായിരിക്കണം.

ഒരു ഉൽപന്നത്തെ ഉപഭോഗശേഷം പുനരുപയോഗിക്കാൻ സാധിക്കുന്നില്ലെങ്കിൽ, അതിനെ സുരക്ഷിതമായി പുനഃചംക്രമണം ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ, അങ്ങനെയുള്ള ഉല്പന്നങ്ങൾ നിർമ്മിക്കാനും പാടില്ല !

5. **പൊതുജന പങ്കാളിത്തം**

സമൂഹത്തിന്റെ എല്ലാ മേഖലയിലും പ്രവർത്തിക്കുന്നവരും എല്ലാ പ്രായക്കാരും ഒരുപോലെ പങ്കെടുക്കുമ്പോൾ മാത്രമേ സീറോ വേസ്റ്റ് യാഥാർത്ഥ്യമാകൂ. എല്ലാവർക്കും അവരവരുടേതായ പങ്കുവഹിക്കാനുണ്ടെന്ന വസ്തുത മനസ്സിലാക്കിയുള്ള പ്രവർത്തനങ്ങൾ മാത്രമേ ലക്ഷ്യം കാണുകയുള്ളൂ. നാമോരോരുത്തരുടെയും ചെറിയ പ്രവൃത്തികളാണ് മഹത്തായ കാര്യങ്ങൾക്ക് അടിത്തറ പാകുന്നത്.

**സീറോവേസ്റ്റ് - അവസരങ്ങൾ**

1. **തൊഴിൽ**

കാര്യക്ഷമവും സുരക്ഷിതവുമല്ലാത്ത സാമ്പ്രദായിക ഉൽപാദന രീതികളെയും അസംസ്കൃത വസ്തുക്കളെയും ഉൽപ്പന്നങ്ങളെയും വേണ്ടെന്നു വെക്കുമ്പോൾ പകരം കിട്ടുന്നത് പ്രാദേശികമായി ലഭിക്കുന്നതും പരിസ്ഥിതിക്കിണങ്ങുന്നതുമായ പദാർത്ഥങ്ങളുടെ ഒരു പ്രപഞ്ചമാണ്. അനുയോജ്യമായ ഉൽപാദന രീതികൾ ആവിഷ്കരിച്ചു നടപ്പിൽ വരുത്തുമ്പോഴാകട്ടെ പുതിയ പുതിയ തൊഴിൽ സാധ്യതകളും തുറന്നു കിട്ടുന്നു.

ഉദാഹരണത്തിന് പുനഃചംക്രമണവും പുനരുപയോഗവും സാധ്യമാക്കുന്ന വിഭവങ്ങളുടെ വീണ്ടെടുക്കൽ കേന്ദ്രങ്ങൾ (Resource Recovery Parks) നിലവിൽ വരുമ്പോൾ കൂടുതൽ കൂടുതൽ വരുമാനമാർഗ്ഗങ്ങൾ പരിസരവാസികൾക്ക് തുറന്നു കിട്ടുന്നു.

2. **ആരോഗ്യം**

പരിസര മലിനീകരണം തടയുകയും ആരോഗ്യകരമായ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെ പൊതുജനാരോഗ്യം സംരക്ഷിക്കാൻ സാധിക്കുന്നു.

3. **ഊർജ്ജസംരക്ഷണം**

പുനഃചംക്രമണ, പുനരുപയോഗ പ്രവർത്തനങ്ങൾ വഴി പാഴ്വസ്തുക്കളിലടങ്ങിയിട്ടുള്ള ഊർജ്ജവും വിഭവങ്ങളും വീണ്ടെടുക്കുന്നതിലൂടെ ഊർജ്ജ സ്രോതസ്സുകളെ സംരക്ഷിക്കാനാകും

4. **പരിസ്ഥിതി സംരക്ഷണം**

സീറോവേസ്റ്റ് പ്രവർത്തനങ്ങളുടെ അടിസ്ഥാനം പരിസ്ഥിതി സംരക്ഷണത്തിലൂന്നിയ കാഴ്ചപ്പാടാണ്. സീറോവേസ്റ്റിന്റെ അടിത്തറ ജൈവികമാണ്. മറ്റൊരുതരത്തിൽ സീറോവേസ്റ്റ് ക്രിയാത്മകമായ പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾ തന്നെയാണ്.



# Less Waste



# More Future

കൂടുതൽ വിവരങ്ങൾക്ക്


Thanal

L-14, Jawahar Nagar, Kowdiar P.O.
Thiruvananthapuram,Keralam 695 003
Tel- 0471-2727150 e-mail - admin@thanal.org
www.thanal.org

ZERO WASTE™ CENTRE

സീറോവേസ്റ്റ് സെന്റർ
കോവളം പി.ഒ. തിരുവനന്തപുരം കേരളം 695 527
ഫോൺ 0471-2796587


January 2005